**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1546** **03-02-2026 - ൽ മറുപടിയ്ക്ക്**

**റവന്യൂ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | എസ്.ഐ.ആർ. ഹിയറിംഗിനായി റവന്യൂ വകുപ്പിലെ ജീവനക്കാരെ കൂട്ടത്തോടെ വിന്യസിച്ചതിനാൽ, റവന്യൂ സേവനങ്ങൾ ലഭിക്കാതെ പൊതുജനങ്ങൾ പ്രതിസന്ധിയിലായത് ഗൗരവത്തോടെ കാണുന്നുണ്ടോ; എത്ര ജീവനക്കാരെയാണ് ഇതുപ്രകാരം നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതു ജനങ്ങളുടെ പ്രശ്നങ്ങൾ ഗൗരവത്തോടെയാണ് കാണുന്നത്. ഓഫീസ് പ്രവർത്തനങ്ങൾ തടസ്സപ്പെടാതെയും മുൻകൂട്ടി പകരം ജീവനക്കാരെ നിയോഗിച്ചും പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ എല്ലാ ജില്ലകളിലും സ്വീകരിച്ചു വരുന്നു.<br><br>ലാൻഡ് റവന്യൂ വകുപ്പിൽ നിന്നും 4625 ജീവനക്കാരെയും സർവ്വെയും ഭൂരേഖയും വകുപ്പിൽ നിന്നും 9 ജീവനക്കാരെയും ഉൾപ്പെടെ റവന്യൂ വകുപ്പിൽ നിന്നും നിലവിൽ ആകെ 4634 ജീവനക്കാരെയാണ് എസ് ഐ ആർ ഹിയറിംഗിനായി നിയോഗിച്ചിട്ടുള്ളത്. |
| (ബി) | പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ ഏർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ ഹിയറിംഗ് ജോലികൾക്ക് നിയോഗിക്കുന്നത് റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് എസ് ഐ ആർ ജോലികളിൽ മറ്റു വകുപ്പുകളിൽ നിന്ന് സപ്പോർട്ടിങ്ങ് സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള ഉത്തരവ് ജില്ലാ കലക്ടർമാർ പുറപ്പെടുവിക്കേണ്ടതാണെന്നുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദേശത്തെത്തുടർന്ന് എല്ലാ ജില്ലകളിലും SIR ഹിയറിംഗുമായി ബന്ധപ്പെട്ട് ആവശ്യമെങ്കിൽ താരതമ്യേന ജോലിഭാരം കുറഞ്ഞ മറ്റ് വകുപ്പുകളിൽ നിന്നും സപ്പോർട്ടിങ്ങ് സ്റ്റാഫിനെ നിയമിക്കുന്നതിന് ERO മാർക്ക് അനുവാദം നൽകി ഉത്തരവായിട്ടുള്ളതാണ്.<br><br>റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മറ്റു വകുപ്പുകളിൽ നിന്നും കൂടുതൽ ഉദ്യോഗസ്ഥരെ എസ് ഐ ആർ സംബന്ധമായ ജോലികൾക്കായി നിയോഗിച്ചിട്ടുണ്ട്. താലൂക്ക് ഓഫീസുകളിലേയും വില്ലേജ് ഓഫീസുകളിലേയും പ്രവർത്തനങ്ങളെ ബാധിക്കാത്ത |

| | | | |
|---|---|---|---|
| | | | രീതിയിൽ സ്പെഷ്യൽ ഇൻറൻസീവ് റിവിഷൻ 2026 മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ജില്ലാ കളക്ടർമാർ നിർദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ